(ബി) ഉണ്ട്.

(സി) കേരള വൈദ്യുതി ബോർഡ്, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ എന്നിവയ്ക്ക് വൈദ്യുതി ഉൽപ്പാദനത്തിനും വൈദ്യുതി ഉൽപ്പാദനവുമായി ബന്ധപ്പെട്ടതും ഉൽപ്പാദനശേഷി 25 കിലോവാട്ടിൽ കൂടുതലുള്ളതുമായ സംയുക്ത പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവർ ഇന്ധനമായി ഉപയോഗിക്കുന്ന മുകളിൽ പ്രതിപാദിച്ച പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ഡി) 4%

(ഇ) കെ.എസ്.ആർ.ടി.സി.-ക്ക് പെട്രോൾ, ഡീസൽ നികുതി നിരക്കിൽ ഇളവ് അനുവദിച്ചിട്ടില്ല. ഇളവനുവദിച്ചാൽ വലിയ നികുതി നഷ്ടം ഉണ്ടാവും എന്നതാണ് കാരണം.

'സഞ്ചയിക പദ്ധതി' പുനരാവിഷ്ക്കരിക്കാൻ നടപടി

*16 [167] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*
" *സ്റ്റീഫൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചയിക പദ്ധതിവഴി കുട്ടികളിൽനിന്നും സ്വീകരിക്കുന്ന തുക പോസ്റ്റാഫീസുകൾ കഴിഞ്ഞ കുറെ ദിവസങ്ങളായി സ്വീകരിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം എന്താണ്;

(സി) കുട്ടികളിൽ സമ്പാദ്യശീലത്തിനും നാടിന്റെ ഭദ്രതയ്ക്കും വേണ്ടിയുള്ള ഈ സ്കീം പുനരാവിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ 13-5-2005-ലെ നോട്ടിഫിക്കേഷൻ മുഖേന വരുത്തിയ ഭേദഗതി പ്രകാരം സ്ഥാപന നിക്ഷേപങ്ങൾ പോസ്റ്റാഫീസിൽ സ്വീകരിക്കുന്നതല്ല. ഇതിനാലാണ് സഞ്ചയിക നിക്ഷേപങ്ങൾ പോസ്റ്റാഫീസിൽ സ്വീകരിക്കാത്തത്.

(സി) സ്വീകരിക്കും. സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു. മാത്രമല്ല 14-7-2005-ലെ എം. പി. മാരുടെ കോൺഫറൻസിന്റെ അജണ്ടയിലും ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly